# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി5/1736/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: dokkd.ksad@kerala.gov.in
തീയ്യതി : 07.10.2017

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

ആയഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി5/1736/2017 തീയതി: 07.10.2017

# കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.12.2016 മുതൽ 30.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.06.2017 മുതൽ 03.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജു തോമസ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഡാനിഷ്.എ.ഇസെഡ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എം.എം നഷീദ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.മോഹൻരാജ്.വി.പി | 01.04.2016 മുതൽ 31.03.2017 വരെ |

(സി) നിർവ്വഹണോദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുജിത്ത് ടി വി | 1-4-16മുതൽ 31-3-17വരെ |
| 2 | വെറ്റനറി സർജൻ | ശ്രീശ്രീനേഷ് | 1-4-16മുതൽ 31-3-17വരെ |
| 3 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. പ്രസന്നകുമാരി | 1-4-16മുതൽ20.7.2016 |
| | | ഡോ.ജോത്സ്ന | 21.7.16മുതൽ 31-3-17വരെ |
| 4 | മെഡിക്കൽ ഓഫീസർ(പി എച്ച്.സി) | ഡോ.ജ്യോതി | 1-4-16മുതൽ 31-3-17വരെ |
| 5 | അസി.എഞ്ചിനീയർ | ശ്രീമതി. സനിഷ പി | 1-4-16മുതൽ6.7.16 വരെ<br>9.9.16മുതൽ 31-3-17വരെ |
| | | ശ്രീമതി.സുജ ജോർജ്ജ് | 7.7.16 മുതൽ 8.9.16 വരെ |
| 6 | ഹെഡ് മാസ്റ്റർ | ശ്രീ.സുധാകരൻ മേലത്ത് | 1-4-16മുതൽ31.5.16 വരെ |
| | | ശ്രീ.ടിപി കുഞ്ഞമ്മദ് | 1.6.16മുതൽ 31-3-17വരെ |
| 7 | ഐ സി ഡിഎസ്സ് സൂപ്പർവൈസർ | ശ്രീമതി.ഷീജ വി ടി | 1-4-16മുതൽ4.7.16വരെ |
| | | ശ്രീമതി.ദാക്ഷായണി | 4.7.16മുതൽ 31-3-17വരെ |
| 8 | വി ഇ ഒ | ശ്രീ.ജനീഷ്.ടി.പി | 1-4-16മുതൽ 31-3-17വരെ |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മഹേഷ് കെ | 1-4-16മുതൽ 31-3-17വരെ |
| 10 | കൃഷി ഓഫീസർ | ശ്രീമതി. ധന്യ ജോയി | 1-4-16മുതൽ06.05.2016 വരെ |
| | | ശ്രീ.നിഷാന്ത് കെ രാമൻ | 18.6.16 മുതൽ 14.11.16 വരെ |
| | | ശ്രീ.അജയ്ചന്ദ്ര.പി | 15.11.16 |
| | | ശ്രീ.നിഷാന്ത് കെ രാമൻ | 16.11.16 മുതൽ 18.11.16 വരെ |
| | | ശ്രീ.മൃദുൽ വിനോദ് | 19.11.16 മുതൽ 31.03.17 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 2-2 | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത |
| 13 | 2-3 | വസ്തു നികുതി നിർണ്ണയം – സ്ഥല പരിശോധന റിപ്പോർട്ട് അപൂർണ്ണം |
| 14 | 2-4 | തൊഴിൽ നികുതി – രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത |
| 15 | 2-5 | ലൈസൻസ് അനുവദിക്കുന്നത് – നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച |

| | | |
|---|---|---|
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | നിർവ്വഹണത്തിൽ വീഴ്ച – പദ്ധതിച്ചെലവ് കുറഞ്ഞു |
| 17 | 3-2 | മരാമത്ത് പ്രവൃത്തികൾ – ടെണ്ടർ അംഗീകരിച്ച പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ വൻ കാലതാമസം – പിഴ ഈടാക്കുന്നില്ല. |
| 18 | 3-3 | കരാർ വെച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും കാലതമാസം |
| 19 | 3-4 | റോഡ് പ്രവൃത്തികൾക്ക് ടാർ വിതരണം ചെയ്തത് – ടാർ വില ഈടാക്കിയതിൽ കുറവ് |
| 20 | 3-5 | റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട് |
| 21 | 3-6 | ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായില്ല. |
| 22 | 3-7 | ആശ്രയ പദ്ധതി തുക ചെലവഴിച്ചിട്ടില്ല. |
| 23 | 3-8 | മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി |
| 24 | 3-9 | മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി – ചെലവ് നിരാകരിക്കുന്നു. |
| 25 | 3-10 | രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 26 | 3-11 | ക്ഷീരഗ്രാമം പദ്ധതി – നിർവ്വഹണത്തിൽ അപാകതകൾ |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 27 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 28 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 29 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 30 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 31 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 32 | 4-6 | ഓഡിറ്റ് റിക്കവറി |
| 33 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |

| | | |
|---|---|---|
| 34 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 36 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 2016-17ലെ ബജറ്റ് ( പുതുക്കിയത്) |
|---|---|
| 01 മാർച്ച് 2/2016(1) തീ.2.3.16 | 01 മാർച്ച് 23/2017(2)തീയതി 23.3.17 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 20-07-17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 19518995.80

വരവ് - 76675762

ആകെ = 96194757.80

ചെലവ് - 74090066

നീക്കിബാക്കി- 22104691.80

## 1-5 ഫണ്ട് വിനിയോഗം ( എ സി ആർ പ്രകാരം )

| ഫണ്ടിനം | തൻവർഷ വരവ് | ആകെ | ചെലവ് (AFS പ്രകാരമുള്ള വരവും, ചെലവും) | നീക്കിയിരിപ്പ് (നഷ്ടമായ തുക) | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട്- പൊതു വിഭാഗം | 10734566 | 10734566 | 10080087 | 654479 | 93.90 |
| വികസന ഫണ്ട്- എസ് സി പി | 1322730 | 1322730 | 923370 | 399360 | 69.80 |
| വികസന ഫണ്ട്- ടി എസ് പി | 23532 | 23532 | 23532 | 0 | 100 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 5807661 | 5807661 | 4194408 | 1613253 | 72.22 |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 2943474 | 2943474 | 2643773 | 299701 | 89.81 |
| 13- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6020603 | 6020603 | 5333715 | 686888 | 88.59 |
| ലോകബാങ്ക് ധനസഹായം | 4055010 | 4055010 | 2565369 | 1489641 | 63.26 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 264 | 120 | - | 144 | 45.45 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| മെഡിക്കൽ ഓ ഫീസർ | 7 | 7 | 1682655 | 1301455 | 77.34 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 5 | 6157405 | 4669814 | 75.84 |
| സെക്രട്ടറി | 13 | 5 | 7052755 | 5016995 | 71.13 |
| കൃഷി കൃഷി ഓഫീസർ | 7 | 4 | 1492725 | 741449 | 49.67 |
| വെറ്റിനററി സർജൻ | 2 | 2 | 91500 | 91500 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 200000 | 199355 | 99.67 |
| വി ഇ ഒ | 10 | 6 | 7986582 | 2764570 | 34.61 |
| അസി.എഞ്ചിനീയർ | 196 | 74 | 41408447 | 13915600 | 33.6 |
| ഹെഡ് മാസ്റ്റർ | 10 | 6 | 1175200 | 942490 | 80.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1750000 | 1150000 | 65.71 |

| | | | | | |
|---|---|---|---|---|---|
| അസി. സെക്രട്ടറി | 8 | 7 | 1969360 | 1223370 | 62.12 |

## 1-7 തനത് വരുമാനം.

മുൻവർഷത്തെക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തമതു വരുമാനത്തിൽ താഴെ പറയും പ്രകാരം 60.34 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3331578 | 5558659 | 2227081 | 66.84 |
| നികുതിയേതരവരവുകൾ | 639352 | 808494 | 169142 | 26.45 |
| ആകെ | 3970930 | 6367153 | 2396223 | 60.34 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 290280 | 184 |
| കർഷകതൊഴിലാളി വേതനം | 7910660 | 857 |
| വിധവാ പെൻഷൻ | 11196410 | 983 |
| വാർദ്ധക്യകാല പെൻഷൻ | 11517460 | 984 |
| വികലാംഗ പെൻഷൻ | 3148180 | 306 |
| അവിവാഹിത പെൻഷൻ | 203930 | 20 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹധന | 120000 | 4 |

| | | |
|---|---|---|
| സഹായം | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.7.17 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7601/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 7.2.17 മുതൽ 8.2.17 വരെ | 31.1.17 വരെ | ലഭിച്ചില്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 20.10.05 മുതൽ 2.11.05 വരെ | 2004-05 | LBA(Hq)111/89-887/920 6.2.06 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിന്റെ ബി11 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. തൻവർഷ വസ്തുനികുതി ഡിമാൻറും(ഇൻകം&എക്സ്പെൻഡിച്ചർ പ്രകാരമുള്ളത്) കളക്ഷനും(റസീറ്റ്& പേമെൻറ്) നീക്കിയിരിപ്പും(ബാലൻസ് ഷീറ്റ്) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. കുടിശ്ശിക വസ്തുനികുതി കളക്ഷനും നീക്കിയിരിപ്പും2015-16ബാലൻസ്ഷീറ്റുമായും പൊരുത്തപ്പെടുന്നില്ല.

4. വാറ്റ്,ആദായനികുതി, നിർമ്മാണതൊഴിലാളിക്ഷേമനിഇനങ്ങളിൽ പിരിച്ചെടുത്ത തുകയുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവ പൂർണ്ണമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ,അവ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 2-2 വസ്തുനികുതിനിർണ്ണയിച്ചതിൽ അപാകത

സെക്ഷൻ ക്ലർക്ക് താഴെ ചേർക്കുന്ന 250 ചതുരശ്ര മീറ്ററുള്ള വീടുകളുടെ തറ നിർമ്മിച്ചിരിക്കുന്നത് ഇറ്റാലിയൻ മാർബിൾ കൊണ്ടാണെന്ന് അന്വേഷണറിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ തറനിർമ്മിതി പ്രകാരമുള്ള അടിസ്ഥാനനികുതിയിലുള്ള വർദ്ധനവ് വരുത്താത്തതിനാൽ വസ്തുനികുതിയിൽ കുറവുവന്നതായികാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വീടിൻെറ വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | നികുതിയിൽ വന്ന കുറവ് |
|---|---|---|---|---|---|---|
| 1 | 11/32A | ശ്രീ.മുഹമ്മദ് കണ്ടുപൊയിൽ | 253.8 ച.മീ | അടിസ്ഥാനനികുതി-1015(@- 4/-)<br>ഇളവ്(മേഖല)-10% -101.5<br>വർദ്ധനവ്<br>വഴി-20%-203<br>ആകെ.1117+56= 1173 | അടിസ്ഥാനനികുതി-1615.20<br>ഇളവ്(മേഖല)-10% -101.6<br>വർദ്ധനവ്<br>വഴി-20%-203.20<br>തറ-15%-152.40<br>ആകെ.1270+63.5(ലൈബ്രറി സെസ്സ്)= 1333.5 = 1334 | 153+8= 161 |
| 2 | 5/308B | ശ്രീ.കുഞ്ഞബ്ദുള്ള, പാത്തു ആലച്യാത്ത് | 265.59 ച.മീ. | അടിസ്ഥാനനികുതി-1063<br>ആകെ-1063+ 54= 1117 | അടിസ്ഥാനനികുതി- 1062.36<br>വർദ്ധനവ്-<br>തറ-15%-159.45<br>ആകെ 1222+61(ലൈബ്രറി സെസ്സ്)=1283 | 159+7= 166 |

വസ്തുനികുതിയിൽ 312രൂപയുടെയും ലൈബ്രറിസെസിനത്തിൽ 15 രൂപയുടെയും കുറവുണ്ടായിട്ടുണ്ട്. മേൽപറഞ്ഞിരിക്കുന്ന വീടുകളുടെ നികുതി പുനർനിർണ്ണയിച്ച് കുറവുവന്ന നികുതി ഈടാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രസ്തുത രീതിയിൽ നിർണ്ണയിച്ച വസ്തു നികുതി വരുന്ന കെട്ടിടങ്ങളുടെ അളവുകൾ പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്.

## 2-3 വസ്തുനികുതി നിർണ്ണയം - സ്ഥലപരിശോധനാറിപ്പോർട്ട് അപൂർണ്ണം

2011ലെ കേരളപഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരമാണ് വസ്തുനികുതി നിർണ്ണയിക്കുന്നത്. ഈ ചട്ടത്തിൻെറ അടിസ്ഥാനത്തിൽ 3 മേഖലകളായിതിരിച്ച് മേഖല,വഴിസൗകര്യം,മേൽക്കൂര,കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ അടിസ്ഥാനനികുതിയിൽ ഇളവുകളും, വഴിസൗകര്യം,തറനിർമ്മിതി,കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം എന്നിവയുടെ അടിസ്ഥാനത്തിൽ വർദ്ധനവും വരുത്തിയാണ് നികുതിനിർണ്ണയിക്കുന്നത്

5 മീറ്ററിലധികം വീതിയുള്ള റോഡുള്ളവയ്ക്ക് 20%, മേൽത്തരം വസ്തുക്കൾക്കൊണ്ട് തറനിർമ്മിച്ചതും 250 ച.മീറ്ററിലധികം വിസ്തൃതിയുള്ളതുമായ കെട്ടിടങ്ങൾക്ക്15% ,കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനമുള്ളവയ്ക്ക് 10% എന്നിങ്ങനെ അടിസ്ഥാനനികുതിയിൽ വർദ്ധനവ് നൽകിയാണ് നികുതി നിർണ്ണയിക്കേണ്ടത്

2016-17 ലെ നികുതിനിർണ്ണയങ്ങൾ പരിശോധിച്ചപ്പോൾ താഴെച്ചേർക്കുന്ന അപാകതകൾ കാണുന്നു.

നികുതിനിർണ്ണയത്തിനായി സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയിക്കാനാവശ്യമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തിയല്ല റിപ്പോർട്ട് സമർപ്പിക്കുന്നത്. പ്രത്യേകിച്ച് നികുതിവർദ്ധനവിന് പരിഗണിക്കേണ്ടകാര്യങ്ങളായ കെട്ടിടത്തിലേക്ക് വഴിസൗകര്യമുണ്ടോ ,ഉണ്ടെങ്കിൽ എത്രവീതിയിൽ,ഉപയോഗിച്ചിരിക്കുന്ന തറയുടെ വിവരം,എയർകണ്ടീഷനിംഗ് സംവിധാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഒന്നും തന്നെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

2016-17 പുതിയതായി നിർമ്മിച്ചിരിക്കുന്ന 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണമുള്ള വീടുകളിലും ഗുണമേൻമയുള്ള വസ്തുക്കൾ തറയിടാൻ ഉപയോഗിച്ചിട്ടില്ലായെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതിനിർണ്ണയത്തിനാവശ്യമായ എല്ലാക്കാര്യങ്ങളും പരിശോധിച്ച് വ്യക്തമായി പരിശോധനാറിപ്പോർട്ടിൽ ഉൾപ്പെടുത്തി നികുതി നഷ്ടം ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്

## 2-4 തൊഴിൽ നികുതി-രജിസ്റ്റർ സൂക്ഷിപ്പിൽ അപാകതകൾ

1. 2016-17 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി (സ്ഥാപനങ്ങൾ) ഡിമാൻഡ് രജിസ്റ്ററിൽ ( പേജ് 42മുതൽ 65 വരെ ) കോളം 3,4 എന്നിവയിൽ യഥാക്രമം ഒക്യുപേഷൻ ആൻഡ് അഡ്രസ്സ് ,അർദ്ധവാർഷികവരുമാനം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.എന്നാൽ ഈ കോളങ്ങൾ രേഖപ്പെടുത്താത്തതിനാൽ ഏത് മാനദണ്ഡത്തിലാണ് നിശ്ചിത നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയത് എന്നും ഏത് സ്ഥാപനങ്ങളാണെന്നും വ്യക്തമല്ല.

2. പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റൻെറ് ശ്രീമതി.രേഖ.വി (ഒന്നാം അർദ്ധവർഷം അടവാക്കി), ശ്രീ.രാമൻ,ശ്രീ.മണി കുളങ്ങഡ്രൈവർ,ശ്രീ.പി.പി.ബാലകൃഷ്ണൻ,ക്ലാർക്ക് (എം.ജി.എൻ.ആർ.ജി.എസ് ഹാജർ ബുക്കിൽ ഒപ്പുവെക്കുന്ന ജീവനക്കാർ) തുടങ്ങിയവർ ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും നികുതിയിനത്തിൽ തുക ഈടാക്കാത്തവരിൽ നിന്നു ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ലൈസൻസ് അനുവദിക്കുന്നത്-നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

പഞ്ചായത്ത് സ്വീകരിക്കുന്ന ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിൽ അന്വേഷണറിപ്പോർട്ട്, സെക്ഷൻ ക്ലാർക്ക്/സൂപ്രണ്ട് എന്നിവരുടെ ശുപാർശ ,പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്താതെ ലൈസൻസ് അനുവദിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | കെട്ടിടനമ്പർ | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീ/രശീതി നമ്പർ,തിയ്യതി |
|---|---|---|---|---|
| 1 | മണികണ്ഠൻ | 4/347 | വെൽഡിംഗ് | 200/- 11604100170, 5-4-16 |
| 2 | നസീർ.വി | 4/521B,C,D | സിമൻെറ് കച്ചവടം | 200/-11604100164, 5-4-16 |
| 3 | മാനേജർ | 11/644 | സപ്ലൈക്കോ ശബരി സൂപ്പർ മാർക്കറ്റ് | 100/- 115044102658, 11-2-2016 |
| 4 | ചന്ദ്രൻ .കെ | 4/570 | ഹോട്ടൽ പുതുമ | 100/- 11604103718, 30-11-16 |

| | | | | |
|---|---|---|---|---|
| 5 | കെ.ചന്ദ്രി | | അനു എഞ്ചിനിയറിംഗ് ഗ്രിൽസ് നിർമ്മാണം | 200/- 18044/33, 20-2-16 |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിർവ്വഹണത്തിൽ വീഴ്ച -പദ്ധതിച്ചെലവ് കുറഞ്ഞു

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 264 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 45.11% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 3.9കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 12210273 | 10080087 | 82.55 |
| 2 | പ്ലാൻ ഫണ്ട് SCP | 2172730 | 923370 | 42.49 |
| 3 | പ്ലാൻ ഫണ്ട് TSP | 23532 | 23532 | 100 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7543346 | 5333715 | 70.70 |
| 5 | ലോകബാങ്ക് ധനസഹായം | 4055010 | 2565369 | 63.26 |
| 6 | കേന്ദ്ര ധനസഹായം | 1591588 | 96000 | 6.00 |
| 7 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 4326128 | 43745 | 1.00 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 4248663 | 2643773 | 62.22 |
| 9 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 11018566 | 4194408 | 38.06 |
| 10 | തനത് ഫണ്ട് | 18087166 | 5139239 | 28.41 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 1135000 | 200000 | 17.62 |
| 12 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 250000 | 250000 | 100 |
| 13 | മറ്റുള്ളവ | 4304627 | 523360 | 12.15 |

| | | | |
|---|---|---|---|
| ആകെ | 70966629 | 32016598 | 45.11 |

ക്രമനം 1മുതൽ 5വരെയുള്ളവയുടെയും ക്രമനം8,9 എന്നിവയുടേയും കാര്യത്തിൽ തുക കിടക്കുന്നത് കൺസോളിഡോറ്റഡ് ഫണ്ടിലായതിനാൽ നീക്കിയിരിപ്പുതുക 2016-17 വർഷാവസാനം ലാപ്സായിരിക്കുകയാണ്. മേൽ കണക്കുകൾ പ്രകാരം 1.55കോടി രൂപയോളം ഇപ്രകാരം നഷ്ടമായിട്ടുണ്ട്. അംഗീകാരം വാങ്ങിയ പ്രൊജക്റ്റുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പ്രധാനമായും താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.

196പ്രൊജക്റ്റുകൾ വിഭാവനം ചെയ്ത അസി.എഞ്ചിനീയറാണ് ഫണ്ട് നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരിക്കുന്നത്. ആകെ പ്രൊജക്റ്റുകളുടെ 74,24% വും ആകെ വകയിരുത്തിയ തുകയുടെ 58.33% വും പൊതുമരാമത്ത്, കുടിവെള്ളം(മറ്റ് മേഖലകളിലെ നിർമ്മാണ പ്രവൃത്തികൾക്കൊപ്പം) എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിന് അസി.എഞ്ചിനീയറെയാണ് ചുമതലയേല്പിച്ചിരിക്കുന്നത് . ഇതിൽ 74പ്രൊജക്റ്റുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്.തൻവർഷം കൺസോളിഡേറ്റഡ് ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ച തുകയിൽ 1.41 കോടി രൂപയും നടപ്പിലാക്കാൻ കഴിയാതെവന്ന പ്രൊജക്റ്റുകൾ ഉൾപ്പടെയുള്ളവയ്ക്ക് അസി.എഞ്ചിനീയർ വകയിരുത്തിയ തുകയാണെന്നു കാണാം. അസി.എഞ്ചിനീയറെ കൂടാതെ സെക്രട്ടറിയ്ക്കും ഫണ്ട് നഷ്ടമായതിൽ ഉത്തരവാദിത്വമുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പുരോഗതിയ്ക്ക് സമയബന്ധിതമായി ,തുക വിനിയോഗിക്കാത്തതിനും, വൻ തുക പഞ്ചായത്തു ഫണ്ടിന് നഷ്ടം വരുത്തിയതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-2 <u>മരാമത്ത് പ്രവൃത്തികൾ-ടെണ്ടർ അംഗീകരിച്ച പ്രവത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ വൻ കാലതാമസം-പിഴ ഈടാക്കുന്നില്ല</u>

നിർവ്വഹണം : അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ അവസാന ബിൽ തുക നല്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാർ സമർപ്പിച്ച ടെണ്ടറുകൾ പരിശോധിച്ച് കരാറുകാരന്റെ സെലക്ഷൻ നടത്തിക്കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞാണ് കരാറുകാർ ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ചതെന്ന് കാണുന്നു. പുതുക്കിയ PWD മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് കരാറുകാരന് രജിസ്റ്റേഡ് തപാലായി അയച്ച തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാറുകാരൻ ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ തുകയുടെ 1% തുക ,കുറഞ്ഞത് 1000/- രൂപ പരമാവധി 25000/- രൂപ എന്ന പരിധിക്കു വിധേയമായി പിഴ ഈടാക്കി 10 ദിവസം കൂടി നീട്ടി നല്കാവുന്നതാണ്.ഈ കാലപരിധിയും കഴിയുന്നവയുടെ കാര്യത്തിൽ EMD മുതൽകൂട്ടി പുതിയ ടെണ്ടർ ക്ഷണിച്ച് മറ്റ് കരാറുകാരെ പ്രവൃത്തി എല്പിക്കേണ്ടതാണ്. എന്നാൽ പുതിയ കരാറുകാരെ കണ്ടെത്തുകയോ പിഴ ഈടാക്കാക്കുകയോ ചെയ്യാതെയാണ് കരാറുകാർക്ക് കരാർ ചമയ്ക്കാൻ യഥേഷ്ടം സമയം അനുവദിച്ചിരിക്കുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രവൃത്തി | കരാറുകാരൻ | കരാർ തുക | വിഭാവനം ചെയ്ത വർഷം | ടെണ്ടർ തീയതി | കരാർ ചമച്ച തീയതി | കാല താമസം | ഈടാക്കേണ്ട പിഴ | അവസാന ബിൽ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | 76/17 തലപ്പൊയിൽ മുക്ക് ചീക്കിലോട് UP സ്കൂൾ റോഡ് ടാറിംഗ് | ഉഫൈൽ MP | 688567/- | 2015-16 | 26.1.16 | 4.3.16 | 1മാസവും 7 ദിനവും | 6886/- | 383201/-6 /23.10.16 | സെലക്ഷൻ നോട്ടീസ് നല്കിയിട്ടില്ല. ആകയാൽ പിഴ തുക കണക്കാക്കാൻ കഴിഞ്ഞില്ല |
| 2 | 48/17 അരയൂരുത്തി റോഡ് | KLCCS | 99709/- | 2014-15 | 3.3.15 | 30.9.15 | 6 മാസത്തിൽ കൂടുതൽ | 1000/- | 94374/- 16/4.2.17 | സെലക്ഷൻ നോട്ടീസ് നല്കികാണുന്നില്ല |
| 3 | 80/17 കളരിമുക്ക് തിരുവോത്ത് താഴ റോഡ് | OLCCS | 498067 | 15-16 | 26.9.15 | 23.2.16 | 4.5 മാസത്തിൽ കൂടുതൽ | 4981/- | 498067/- 25/22.3.17 | ടി |
| 4 | 57/17- പൈങ്ങോട്ടായി കമ്മുലാത്തി താഴെ കാറ്റോടിച്ചാൽ നാറാണത്തു താഴ റോഡ് | ELCCS | 244929/- | 14-15 | 10.2.15 | 23.2.16 | 1 വർഷത്തിൽ കൂടുതൽ | 2450/- | 50000/- 9/29.11.16 | ടി |
| 5 | 240/17 കളത്തിൽ മുക്ക് മൂർച്ചിലോട്ട് താഴ റോഡ് | ELCCS | 223113/- | 16-17 | 22.11.16 | 6.1.17 | 1 മാസവും 15 ദിനവും | 2232/- | 224978/-49 /30.3.17 | സെലക്ഷൻ നോട്ടീസ് നല്കിയിട്ടില്ല. ആകയാൽ പിഴ തുക കണക്കാക്കാൻ കഴിഞ്ഞില്ല |
| 6 | 78/17- കൈതക്കുണ്ട് കരുവാരിതാഴ റോഡ് | SWALCOS | 497423/- | 15-16 | 26.9.15 | 3.3.16 | 5 മാസത്തിൽ കൂടുതൽ | 4975/- | 458249/-17 /7.3.17 | സെലക്ഷൻ നോട്ടീസ് നല്കികാണുന്നില്ല |
| 7 | 166/17 നീലോത്ത് മുക്ക് തിരുവോത്ത് മുക്ക് റോഡ് ടാറിംഗ് | ELCCS | 282788/ | 14-15 | 3.3.15 | 23.2.16 | 11 മാസത്തിൽ കൂടുതൽ | 2828/- | 285000/-4 /25.10.16 | സെലക്ഷൻ നോട്ടീസ് നല്കികാണുന്നില്ല |
| 8 | 35/17- കോറോത്ത് മുക്ക് ഏറാളൻ മല റോഡ് | ELCCS | 199658/- | 14-15 | 11.2.15 | 5.01.16 | 10 മാസത്തിൽ കൂടുതൽ | 1997/- | 186000/- | തീയതിയില്ലാതെ നോട്ടീസ് നല്കി |
| | ആകെ പിഴ തുക | | | | | | | 27349/- | | |

മേല്പറഞ്ഞ പ്രൊജക്ടുകളിൽ ക്രമനം 8 ന്റെ കാര്യത്തിൽ മാത്രമാണ് സെലക്ഷൻ നോട്ടിസ് നല്കിയിരിക്കുന്നത്. എന്നാൽ നോട്ടിസിൽ ഏറ്റവും അത്യാവശ്യമായ തീയതിയില്ലാതെയും തപാൽ രജിസ്ട്രേഷൻ തീയതിയില്ലാതെയുമാണ് ആയത് പുറപ്പെടുവിച്ചിരിക്കുനന്നത്.

കൂടാതെ എല്ലാ പ്രവൃത്തികളുടെയും കാര്യത്തിൽ സമയബന്ധിതമായി കരാർ ചമയ്ക്കാത്ത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു.ഇപ്രകാരം ചെയ്യാത്തതിനാൽ വിഭാവനം ചെയ്ത വർഷം തന്നെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാതെ വരികയും ഇവയ്ക്കായി വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ എന്നന്നേക്കുമായി നഷ്ടമാകാൻ ഇടയാകുകയും ചെയ്തു.ഭീമമായ തുക പഞ്ചായത്തിന് നഷ്ടം വരുത്തിയ അപാകതകൾക്ക് വ്യക്തമായ വിശദീകരണം നല്കാമാനശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.പിഴ തുക 27349/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 കരാർ വച്ച മരാമത്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും കാലതാമസം

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ അവസാനബിൽ തുക നല്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ , ടെണ്ടർ ലഭിച്ച പ്രവൃത്തികൾക്ക് കരാർ വച്ചതിനു ശേഷം പ്രവത്തി ആരംഭിക്കുന്നതിലും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും കരാറുകാർ വീഴ്ച വരുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നിയമാനുസൃമായ നടപടികൾ സ്വീകരിക്കാതെയും നിയമാനുസൃമായ പിഴ ഈടാക്കാതെയുമാണ് കരാറുകാർക്ക് ബിൽ തുക നല്കിയിരിക്കുന്നത്. പുതുക്കിയ PWD മാനുവൽ ,സെക്ഷൻ 2112.1 പ്രകാരം കാലാവധി നീട്ടിക്കിട്ടുന്നതിനുള്ള അപേക്ഷ കരാറുകാരൻ കരാർ പ്രകാരമുള്ള കാലാവധിക്കു മുമ്പ് തന്നെ നല്കേണ്ടതും ഇത് ബന്ധപ്പെട്ട അധികാരികൾ അനുവദിച്ചാൽ മാത്രം പ്രവൃത്തി തുടരേണ്ടതുമാണ് .എന്നാൽ ടി പ്രവത്തികളുടെ കാര്യത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.അനുവദിക്കാവുന്നതിലും എത്രയോ കൂടുതൽ സമയം അനുവദിച്ചു എന്ന മാത്രമല്ല നിമാനുസൃത പിഴ ഈടാക്കാത്തതിനാലും സ്ഥാപനത്തിന് നഷ്ടം സംഭവിച്ചു (കരാറുകാരന്റെ വീഴ്ച മൂലം സമയം നീട്ടി നല്കുന്ന കാര്യത്തിൽ ആദ്യം തവണ ആകെ പൂർത്തീകരണ കാലയളവിന്റെ 25% സമയം PAC യുടെ 1% നിരക്കിലും രണ്ടാം തവണ 25% കൂടി 2% നിരക്കിലും പിഴ ഈടാക്കി അനുവദിക്കാവുന്നതാണ്). വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രവൃത്തി | കരാർ തുക | കരാറുകാരൻ | കരാർ വച്ച തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി (പ്രൊജക്ടിലെ പ്രവർത്ത സമയക്രമം പ്രകാരം | പ്രവൃത്തി പൂർത്തീകരിച്ച തീയതി | കാല താമസം | ഈടാക്കേണ്ട പിഴ | അവസാന ബിൽ തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | 66/17-നാലാം മൈൽസ് കൊക്കരി ഞ്ഞിത്താഴ റോഡ് | 449572/- | ELCCS | 29.12.14 | 16.11.15 | 30.4.2015 | 9.2.16 | 9 മാസത്തിൽ കൂടുതൽ | 13487/- | 24289/-32 /22.12.16 |
| 2 | 51/17-ചോത്തോത്ത് | 49470/- | മുഹമ്മദ്. സി എച്ച് | 17.3.15 | 5.1.16 | 30.4.15 | 3.2.16 | 9 മാസത്തിൽ | 1484/- | 3548/-14 /20.6.17 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ഇടവഴി നടപ്പാത | | | | | | | കൂടുതൽ | | |
| 3 | 95/17-പനയുള്ളതിൽ മുക്ക് വടക്കയിൽ മുക്ക് റോഡ് പരിഷ്കരണം | 136920/- | ULCCS | 17.3.15 | 4.4.16 | 31.3.15 | 31.5.16 | 14 മാസം | 4107/- | 150000/-7 /24.11.16 |
| 4 | 111/17-കല്ലേരി ഹെൽത്ത് സെന്റർ കൂടത്തിൽ താഴ റോഡ് | 299979 | ELCCS | 29.12.14 | 19.2.15 | 31.3.2015 | 27.4.16 | 1 വർഷത്തിൽ കൂടുതൽ | 9000/- | 191640/-36 /17.3.17 |
| 5 | 67/17-മൂടാടിത്താഴ വേട്ടന്നൂർ പള്ളി റോഡ് | 199265/- | SWALCOS | 7.1.15 | 15.3.16 | 31.3.15 | 20.4.16 | 1 വർഷത്തിൽ കൂടുതൽ | 5977/- | 149084/-11 /28.2.16 |
| 6 | 62/17-മങ്ങോട് ഭജനമഠം തയ്യുള്ള കോളോത്ത് റോഡ് ടാറിംഗ് | 299856/- | ELCCS | 29.12.14 | 28.01.16 | 30.4.15 | 30.3.16 | 11 മാസം | 8996/- | 248226/-13 /28.12.16 |
| 7 | 39/17-മിടിയേരി കുനിയിൽ താഴ റോഡ് | SWALCOS | 199776/- | 17.1.15 | 1.4.16 | 31.3.2015 | 6.5.16 | 13 മാസത്തിൽ കൂടുതൽ | 5993/- | 130000/-27 /22.3.17 |
| | ആകെ പിഴ സംഖ്യ | | | | | | | | 49044/- | |

എല്ലാ പ്രവൃത്തികളുടെയും കാര്യത്തിൽ സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കാത്ത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി സമയക്രമ പ്രകാരം പൂർത്തീകരിക്കേണ്ടതായിരുന്നു.ഇപ്രകാരം ചെയ്യാത്തതിനാൽ വിഭാവനം ചെയ്ത വർഷം തന്നെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാതെ വരികയും ഇവയ്ക്കായി വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ എന്നന്നേക്കുമായി നഷ്ടമാകാൻ ഇടയാകുകയും ചെയ്തു.ഭീമമായ തുക പഞ്ചായത്തിന് നഷ്ടം വരുത്തിയ അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.പിഴ സംഖ്യ 49044/-രൂ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **3-4** <u>റോഡ് പ്രവൃത്തികൾക്ക് ടാർ വിതരണം ചെയ്തത്-ടാർ വില ഈടാക്കിയതിൽ കുറവ്</u>

നിർവ്വഹണം : സെക്രട്ടറി

ഓഡിറ്റ് വർഷത്തിൽ അവസാനബിൽ തുക നല്കിയ താഴെ പറയുന്ന റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ

പ്രവൃത്തികൾക്കാവശ്യമായ ടാർ വാങ്ങി നല്കിയത് ഗ്രാമപഞ്ചായത്താണ്.പ്രവൃത്തികളുടെ ബിൽതുക നല്കുമ്പോൾ ടാറിന്റ് വില കുറവു വരുത്തിയിട്ടുണ്ടെങ്കിലും ,ആയത് കരാറുകാർക്ക് നല്കിയ അളവിന് അനുസൃതമല്ലെന്ന കാണുന്നു.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | കൺവീനർ/ കോൺട്രാക്ടർ | അവസാന ബിൽ തുക | നല്കിയ ടാറിന്റെ അളവ്, | ഈടാക്കേണ്ട തുക @45.83 രൂപ/kg | തുക ഈടാക്കിയ ടാറിന്റെ അളവ്, | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 66/17 നാലാം മൈൽസ് കൊക്കറിഞ്ഞി താഴ റോഡ് | elccs | 24289/- | 9 ബാരൽ161. 8x9=1456.2 കി.ഗ്രാം | 66738 | 1414.26 | 64825 | 1919 |
| 2 | 62/17മാങ്ങോട്ട് ഭജനമഠം തയ്യുള്ള കേളോത്ത് റോഡ് പരിഷ്കരണം | elccs | 248226/-ബിൽ നം 20.12.16 | 7 ബാരൽ 161.8x7= 1132.6 | 51907 | 1053.32 | 48281 | 3626 |
| 3 | 45/17കളത്തിൽ മുക്ക് ആശാരിമുക്ക് റോഡ് | elccs | 100000/- | 7 ബാരൽ 161.8x7= 1132.6 | 51907 | 1032.52 | 47320 | 4587 |
| 4 | 60/17പയേരിടത്തിൽ മുക്ക് റോഡ് ആയഞ്ചേരി ടൗൺ കൊയിലോത്ത് മുക്ക് റോഡ് | ELCCS | 148226/-വൗ നം. 20/30.12.16 | 7 ബാരൽ 161.8x7= 1132.6 | 51907 | 1059.79 | 48578 | 3329 |
| ആകെ നഷ്ടം | | | | | | | | 13461/- |

നല്കിയ ടാറിന്റെ അളവിന് അനുസൃതമല്ലാതെ തുക ഈടാക്കിയതിനാൽ ആകെ 13461/- രൂപയുടെ നഷ്ടം സ്ഥാപനത്തിനുണ്ടായിട്ടുണ്ട്.തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 43,109,128,133,139,170,174,175,176,177,240,എന്നീ നമ്പരുകൾ പ്രകാരമുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ച കാണുന്നു.മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും, ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-6 ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ ,ഹോമിയോ

ചെലവ് തുക: 150000/- രൂപ ബിൽ നം.1/25.11.16

ഹോമിയോ മരുന്നുകൾക്കായി ഓഡിറ്റ് വർഷത്തിൽ മേൽ ബില്ല് പ്രകാരം 1.5 ലക്ഷം രൂപ പിൻവലിച്ച് ഹോമ്കോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 103200/- രൂപയുടെ മരുന്നുകൾ മാത്രമാണ് സ്ഥാപനത്തിന് ലഭ്യമാക്കിയത്. അവശേഷിക്കുന്ന തുകയ്ക്കുള്ള (46800/-രൂപ) മരുന്നുകൾ കൂടി അടിയന്തിരമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.46800/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ആശ്രയപദ്ധതി തുകചെലവഴിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പർ – 145/17 ആശ്രയപദ്ധതി

നിർവ്വഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

അഗതി ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിനായി 3 ലക്ഷം രൂപ 20/3/2017 ൽ ബിൽ നമ്പർ 9/16-17 പ്രകാരം പിൻവലിച്ച് സി ഡി എസ് ചെയർപേഴ്സണ് കൈമാറി. ഈ തുക നാളിതുവരെയായിട്ടും ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ (നമ്പർ 40115100110279) കിടക്കുന്നതായിട്ടാണ് കാണുന്നത് തുക ചെലവഴിച്ചതിൻെറ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടതിന് നൽകിയമറുപടിയിൽ തുക ചെലവഴിച്ചതിനുശേഷം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

നാളിതുവരെയായിട്ടും പദ്ധതി തയാറാക്കി തുക ചെലവഴിച്ചിട്ടില്ലായെന്നാണ് മറുപടിയിൽ നിന്നും മനസ്സിലാകുന്നത്

ട്രഷറിയിൽ നിന്നും പിൻവലിച്ചതുക ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് മാർഗ്ഗരേഖയുടെ ലംഘനമാണ് . തുക ചെലവഴിച്ചതിൻെറ രേഖകളോ, തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ചതിൻെറ രേഖയോ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നില്ലായെങ്കിൽ തുക പലിശസഹിതം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 3 ലക്ഷത്തിന്റെ ചെലവ് ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

## 3-8 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതിനടപ്പിലാക്കി

പ്രോജക്ട് നമ്പർ -152/17 കലാകായിക പരിശീലനം

ചെക്ക് നമ്പർ 0233897-28-3-2017 25000-രൂപ

2016-17 ൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യഗസ്ഥനായി സ്കൂൾ വിദ്യാർത്ഥികൾക്ക് കലാകായിക പരിശീലനം എന്ന പദ്ധതി തനതുഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പട്ട പദ്ധതികൾ നടപ്പിലാക്കേണ്ടത് വിദ്യാഭ്യാസവകുപ്പും കേരള സംസ്ഥാന കായിക കൗൺസിലുമാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ7-1-2008ലെ സ.ഉ.(എം.എസ്) നം.10/2008,11-11-2009ലെ സ.ഉ .(കൈ) നം.217/2008 ഉത്തരവുകളിൽ വ്യക്തമാക്കീട്ടുണ്ട്.ഇതിനുപുറമെ 11-1-2016ലെ ജി ഒ (എം.എസ്) നം.4/2016 പ്രകാരമുള്ള 12-ാം പദ്ധതി മാർഗ്ഗരേഖയിലും തദ്ദേശഭരണ സ്ഥാപനത്തെ സർക്കാർ ഏല്പ്പിച്ചിട്ടില്ലാത്തതും ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിൽപ്പെട്ടതുമായ പ്രവർത്തനങ്ങൾ നടത്തരുതെന്നും നിർദ്ദേശിത്തിട്ടുണ്ട്.എന്നാൽ മേൽ ഉത്തരവുകൾക്ക് വിരുദ്ധമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

അതുമല്ല ഈ പദ്ധതിക്കായി ചെലവഴിച്ച 25000 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ അപാകതകൾക്ക് വിശദീകരണം തരികയോ ചെയ്തിട്ടില്ല. പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാലും ചെലവ് രേഖകൾ ഹാജരാക്കാത്തതിനാലും ചെലവ് നിരാകരിക്കുന്നു.

## 3-9 മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി-ചെലവ് നിരികരിക്കുന്നു

ബിൽ നമ്പർ – കെ. ബി. എ. 6/16-17 30-3-2017 152590/- രൂപ

ചെക്ക് നമ്പർ – 0233900 29-3-2017 50860/- രൂപ
നിർവ്വഹണം - കൃഷി ഓഫീസർ

1. പ്രൊജക്ട് നമ്പർ-275/17 – ജലസേചന പമ്പ് സെറ്റ് വിതരണം

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജലസേചനത്തിന് പമ്പ്സെറ്റ് നൽകൽ എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 5 പാടശേഖര സമിതികൾക്ക് 75% സബ്സിഡി നിരക്കിൽ ഒരു കുതിരശക്തിയുള്ള മോണോബ്ളോക്ക് ഡീസൽ പമ്പ്സെറ്റ് നൽകുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്.എന്നാൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

11-01-2016ലെ ജി ഒ (എം എസ്) 4/2016 പ്രകാരമുള്ള 12-ാം പദ്ധതി മാർഗ്ഗരേഖയിൽ സമിതികൾക്കും സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ വിതരണം ചെയ്യാമെന്നുപറയുന്നവയിൽ ജലസേചന പമ്പ്സെറ്റ് ഉൾപ്പെടുന്നില്ല.അതിനാൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ട്.

2. ഒരു കുതിരശക്തിയുള്ള 5 പമ്പുസെറ്റുകൾ വിതരണം ചെയ്യാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതെങ്കിലും 5 കുതിരശക്തിയുള്ള 5പമ്പുസെറ്റുകളാണ് വാങ്ങി വിതരണം ചെയ്തിരിക്കുന്നത്.

3. പദ്ധതിപ്രകാരം പമ്പുസെറ്റുകൾ 5 പാടശേഖരസമിതികൾക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും 5 പമ്പുസെറ്റുകളും തറോപ്പൊയിൽ പാടശേഖരസമിതിക ആയഞ്ചേരിക്ക് നൽകിയതായിട്ടാണ് കാണുന്നത്.

4.12ാം പദ്ധതി മാർഗ്ഗരേഖ(കൃഷി) ഖണ്ഡിക 3-1-7 പ്രകാരം സംഘങ്ങൾക്കും സമിതികൾക്കും വാങ്ങി നൽകുന്ന യന്ത്രങ്ങളുടെ ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കുമെന്നും ഇവ വിൽക്കാനോ കൈമാറാനോ പാടില്ല എന്നും ഇതുസംബന്ധിച്ച് ഒരു കരാറുടമ്പടി ഒപ്പിടണമെന്നും വ്യവസ്ഥയുണ്ടെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല.

5. പാടശേഖരസമിതികളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

പദ്ധതിനടപ്പിലാക്കിയിരിക്കുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ചെലവ് നിരാകരിക്കുന്നു.

## 3-10 രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസപ്പെടുത്തുന്നു

ബിൽ നമ്പർ-കെ ബി എ1/16-17 -17/3/2017 1,20,000/- രൂപ

ബിൽ നമ്പർ-കെ ബി എ2/16-17-30/3/2017 2,16,000/- രൂപ

1- പ്രൊജക്ട് നമ്പർ-196/17-നെൽകൃഷിക്ക് വിത്ത്,വളം,കുമ്മായം ലഭ്യമാക്കൽ

നിർവ്വഹണം-കൃഷി ഓഫീസർ.

കൃഷി ഓഫീസർ 2016-17ൽ നടപ്പിലാക്കിയ പദ്ധതിയുടെ നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഈ പദ്ധതി പ്രകാരം 120000/- രൂപയുടെ 3000 കിലോ നെൽവിത്ത് കെ എസ് എസ് ഡി എ യിൽ നിന്നും വാങ്ങിയതായി കാണുന്നുണ്ടെങ്കിലും ഈ വിത്തുകൾ ആർക്കെല്ലാം വിതരണം ചെയ്തുവെന്ന് കാണിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ല.

2. തറോപ്പൊയിൽ പാടശേഖര സമിതി സെക്രട്ടറി 216000/- രൂപയ്ക്ക് 18000 കിലോഗ്രാം കുമ്മായവും ,നെല്ലിക്കണ്ടി പാടശേഖരസമിതി സെക്രട്ടറി 72000/- രൂപയ്ക്ക് 6000 കിലോഗ്രാംകുമ്മായവും വാങ്ങിയതിന്റെ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്.ഇതിന് യഥാക്രമം 162000/- രൂപ,54000/- രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്.ഓരോ പാടശേഖരസമിതിയിലും അംഗങ്ങളുടെ പേര്,കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം,ഓരോരുത്തർക്കും വിതരണം ചെയ്ത കുമ്മായത്തിന്റെ അളവ് തുടങ്ങിയ വിവരങ്ങൾ ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി തന്നിട്ടില്ല.336000 രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു. പദ്ധതി നിർവ്വഹണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-11 ക്ഷീരഗ്രാമം പദ്ധതി - നിർവ്വഹണത്തിൽ അപാകതകൾ

പ്രൊജക്ട് നം- 243/17

നിർവ്വഹണം: ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രൊജക്ട് അടങ്കൽ: 12 ലക്ഷം രൂപ

ചെലവ് തുക: 6 ലക്ഷം രൂപ (400000/- പ്ലാൻ ഫണ്ട്- ബിൽ നം.1/24.3.17 -200000/- രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം, ചെക്ക് നം )

പാലുല്പാദനം ഉപജീവനമാക്കിയ കുടുംബങ്ങൾക്ക് ഒരു പശുവിനെ കൂടി സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ളതാണ് മേൽ പദ്ധതി . 15000/- രൂപ വീതം 40 പേർക്ക് സബ്സിഡി നല്കുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1 കുടുംബ വാർഷിക വരുമാനം 50000/- രൂപയിൽ കവിയാത്തവർക്ക് മാത്രമേ പദ്ധതി പ്രകാരമുള്ള ധനസഹായം നല്കാവൂയെന്ന് 11.1.2016 ൽ പുറപ്പെടുവിച്ച എം.എസ് 4/2016/തസ്വഭവ നമ്പർ ആസൂത്രണ/ സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ ഇത് തെളിയിക്കുന്നതിനുള്ള വരുമാന സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിരിക്കുന്നത്.

2 പർച്ചേസിംഗ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളുടെ ,7 പേരടങ്ങുന്ന സമിതിയാണ് വാങ്ങൽ നടത്തേണ്ടതെന്ന് മേൽ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സമിതി രൂപീകരിച്ചെങ്കിലും ,വാങ്ങലുകൾ നടത്തിയിരിക്കുന്നത് ഈ സമിതിയുടെ മേൽ നോട്ടത്തിലോ,പർച്ചേസിംഗ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടോ അല്ല.

3 പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇതിന്റെ അഭാവത്തിൽ

വിജയകരമായി പൂർത്തീകരച്ചോയെന്ന് വ്യക്തമല്ല.

4 പദ്ധതിയ്ക്ക് മറ്റുള്ള ഫണ്ടായി 6 ലക്ഷം രൂപ വകയിരുത്തിയിരുന്നു.എന്നാൽ ഫണ്ടിനം ഏതെന്ന് വ്യക്തമാക്കിയിട്ടില്ല.കൂടാതെ ഇതിൽ നിന്നും തുക ചെലവഴിച്ചിട്ടുമില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. ചെലവ് തുക 600000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 250000 | 244/17-ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 250000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 200000 | 243/17-ക്ഷീരഗ്രാമം | 200000 | ഇല്ല |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| PWD (ഇലക്ട്രോണിക്സ് ) | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്ക് | | 200000/- | 0 | ഇല്ല | 200000/- |
| ഇറിഗേഷൻ ഡിപ്പാർട്ട് മെന്റ് | കളരികെട്ടിയ കനാൽ പാലം | | 200000/- | 0 | ഇല്ല | 200000/- |
| | പുറത്തുട്ടയിൽ മുക്ക് കനാൽ പാലം | | 170000/- | 0 | ഇല്ല | 170000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | തെക്കേ തറേമ്മൽ കിഴക്ക് പുറത്ത് | അബ്ദുൾ കരീം | | 100000/- | ഇല്ല | 100000/- | |

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക(16-17 ൽ ലഭിച്ചത്) | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ എം എസ് ഭവന നിർമ്മാണം | സ.ഉ സാധാ. 407/2010 /തസ്വഭവ-5.2.10 | 172500/- | 2399096/- | 2366070/- | -- | 205526/- |

## 4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| 1 | 172500/- | ഇ എം എസ് ഭവന നിർമ്മാണം | 172500/- | ഇല്ല | -- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 2865/- രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96194757 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74090066 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 114854/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1186250/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 27349 | ശ്രീമതി പി സനിഷ അസി. എഞ്ചിനീയർ |
| 3-3 | 49044 | ശ്രീമതി.പി.സനിഷ, അസിസ്റ്റന്റ് എഞ്ചിനീയർ, വലിയ വീട്ടിൽ, കടമേരി – 673542 |
| 3-4 | 13461 | ശ്രീമതി.പി.സനിഷ, അസിസ്റ്റന്റ് എഞ്ചിനീയർ, വലിയ വീട്ടിൽ കടമേരി – 673542 |
| 3-8 | 25000 | ശ്രീ.ടി.പി.കുഞ്ഞമ്മദ്, ഹെഡ്മാസ്റ്റർ, മുയിപ്പോത്ത് , ചെറുവണ്ണൂർ |
| ആകെ | 114854 | |

ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 46800 | ശ്രീമതി.ജോത്സന, മെഡിക്കൽ ഓഫീസർ ,ഹോമിയോ |

| | | |
|---|---|---|
| 3-9 | 203450 | ശ്രീ.മൃദുൽ വിനോദ്, കൃഷി ഓഫീസർ |
| 3-10 | 336000 | |
| 3-11 | 600000 | ഡോ. ശ്രീജേഷ്, വെറ്ററിനറി ഡോക്ടർ |
| ആകെ | 1186250 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പി സനിഷ അസി. എഞ്ചിനീയർ | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ,കടമേരി | വലിയവീട്ടിൽ,കടമേരി -673542 |
| ടി പി കുഞ്ഞമ്മദ് , ഹെഡ്മാസ്റ്റർ | പറമ്പിൽ ഗവ.യു പി സ്കൂൾ ,പൊന്മേരി പറമ്പിൽ | മുയിപ്പോത്ത് ചെറുവണ്ണൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93, 1993-94 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/30.01.2014 | 2 |
| 1994-95 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 2 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 4 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 1 |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി9/791(2) /01.08.2011 | 7 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 3 |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 2 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 3 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13 / 30.01.2014 | 9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 9 |
| 2008-09.09-2010 | എൽ.എഫ്.കെ.കെ.ഡി.പി5/1018/12 / 16.07.2012 | 16 |
| 2010-11,11-12 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13 / 30.01.2014 | 8 |
| 2012-13,13-14 | കെ.എസ്.എ.കെ.കെ.ഡി.പി5/877/15/15.9.2015 | 36 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി5/1128/16/24.06.2016 | 13 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി5/50/17/25.1.17 | 27 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം , കോഴിക്കോട്

## <u>അനുബന്ധം 1</u>

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി.5/1736/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി-07.10.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.5/1736/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 07.10.2017

## Audit Certificate

Certified thaht I have audited the Annual Financial Statement of Ayancheri Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Ayancheri Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
District Audit Office, Kozhikode.